പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2334 18/12/2012 ലെ മറുപടിയ്ക്ക്

പെൻഷൻകാർക്ക് അർഹമായ ആനുകൂല്യം

| | ചോദ്യം | ഉത്തരം |
|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സംസ്ഥാന സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻ വാങ്ങികൊണ്ടിരിക്കുന്നവർക്ക് 18.04.2006 ലെ 180/06/ധന ഉത്തരവിലെ ഖണ്ഡിക 3.4 ഉം ഷെഡ്യൂൾ ഒന്ന് പ്രകാരവും അവരുടെ സർവ്വീസ് ദൈർഘ്യ മനുസരിച്ച് നൽകിയിരുന്ന ഫിക്സേഷൻ 28.02.2011 ലെ 87/11/ധന ഉത്തരവിൽ നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം പെൻഷൻകാർക്ക് ഉണ്ടായിരിക്കുന്ന നഷ്ടം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | ജി ഒ.(പി) 180/06/ധന തീയതി 18.04.2006 പ്രകാരം വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കിയപ്പോൾ സ്റ്റേജ് ഫിക്സേഷൻ അനുവദിച്ചിരുന്നു. എന്നാൽ ഇപ്രകാരം സ്റ്റേജ് ഫിക്സേഷൻ അനുവദിച്ചപ്പോൾ ചില കേസുകളിൽ കൂടുതൽ യോഗ്യ സേവനകാലം ഉള്ള വ്യക്തിക്ക് അടിസ്ഥാന പെൻഷനിൽ കുറവുവരുന്നതായും അതേ സാഹചര്യത്തിൽ കുറഞ്ഞ യോഗ്യ സേവനകാലം ഉള്ള വ്യക്തിക്ക് അടിസ്ഥാന പെൻഷൻ കൂടുതൽ വരുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഇത്തരം അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാലാണ് 9-ാം ശമ്പള പരിഷ്ക്കരണ കമ്മീഷൻ അനുസരിച്ചുള്ള പെൻഷൻ പരിഷ്ക്കരണ ഉത്തരവിൽ ജി.ഒ.(പി) 87/2011/ധന തീയതി 28.02.2011) സ്റ്റേജ് ഫിക്സേഷൻ അനുവദിക്കാത്തത് . |
| (ബി) | ഈ വിഷയത്തെക്കുറിച്ച് പെൻഷൻകാരുടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; | ഈ വിഷയം സംബന്ധിച്ച് 135 ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) പിരിവിലെ ചോദ്യത്തിന് മറുപടിയായി നൽകിയിരിക്കുന്ന വസ്തുതകളുടെ വെളിച്ചത്തിൽ, മേൽ പരാമർശിച്ച പരാതികൾ ഒക്കെയും നിരസിച്ചിട്ടുള്ളതാണ്. |
| (ഡി) | പെൻഷൻകാർക്ക് അർഹമായ ഈ ആനുകൂല്യം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് തീരുമാനം കൈക്കൊള്ളുമോ? | സ്റ്റേജ് ഫിക്സേഷൻ അനുവദിച്ച് പെൻഷൻ കണക്കാക്കുമ്പോൾ ഒരു വ്യക്തിക്ക് അർഹമായ അടിസ്ഥാന പെൻഷന് പകരം അതിനു തൊട്ടു മുകളിലുള്ള അടിസ്ഥാന പെൻഷന്റെ ആനുകൂല്യം ലഭിക്കും എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടതിനാലാണ് 9-ാം ശമ്പളക്കമ്മീഷന്റെ ശുപാർശ പ്രകാരം 28.02.2011 ലെ ജി.ഒ(പി) 87/11/ധന നമ്പർ ഉത്തരവിൽ സർക്കാർ സ്റ്റേജ് ഫിക്സേഷൻ ഒഴിവാക്കി തീരുമാനമെടുത്തത്. |

സെക്ഷൻ ഓഫീസർ